# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1978 | 11.02.2020-ൽ മറുപടിക്ക്

## മാഫിയാ സംഘടനകളെ ഇല്ലാതാക്കുവാൻ നടപടി

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

(എ) സംസ്ഥാനത്ത് മണ്ണ് മാഫിയാ ഉൾപ്പെടെ വിവിധ മാഫിയാ സംഘടനകളെ ഇല്ലാതാക്കുവാനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനും ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും എത്ര മാഫിയാ സംഘങ്ങളുടെ പേരിൽ എത്ര കേസ്സുകൾ എടുക്കുകയുണ്ടായി; എത്ര പേരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; മാഫിയാസംഘം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും മാഫിയാ ആക്രമണത്തിൽ കൊല്ലപ്പെട്ടവർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മാഫിയാ പ്രവർത്തനങ്ങൾ സംസ്ഥാനത്തുനിന്നും തുടച്ചുനീക്കാനായി സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) & (ബി) സംസ്ഥാനത്ത് മണ്ണ് മാഫിയാ ഉൾപ്പെടെയുള്ള വിവിധ മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മണ്ണ് ഖനനം നടത്തുന്നവരെ നിരീക്ഷിക്കുന്നതിനും വിവര ശേഖരണം നടത്തുന്നതിനും ഇന്റലിജൻസിന്റേയും ലോക്കൽ പോലീസിന്റേയും സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു. കൂടാതെ റെയ്ഡുകൾ നടത്തിയും കുറ്റക്കാർക്കെതിരെ നിലവിലെ നിയമ പ്രകാരം കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാഫിയ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ആരുംതന്നെ കൊല്ലപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് മണ്ണ് മാഫിയ പോലുള്ള മാഫിയ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് അവസാനിപ്പിക്കുന്നതിലേക്കായി പ്രസ്തുത കേസുകളിൽ നിരന്തരം ഉൾപ്പെടുന്നവർക്കെതിരെ കരുതൽ നടപടികൾ സ്വീകരിക്കാവുന്നതും, KAAPA പോലുള്ള ശക്തമായ നിയമങ്ങൾ ഉപയോഗിച്ച് ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ